# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR P(4)2012/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 13/12/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR P(4)2012/2022. തീയ്യതി: 13/12/2022

## തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 08-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| **ശ്രീ. എൻ സതീശൻ** | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-11-2022 | 20-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 20-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റഫി ജോൺ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.സിജു പി.ഡാംസൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ കെ.സി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോയ്സൻ സി.ജെ, ഓഡിറ്റർ
ശ്രീമതി രേഖ ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി.കെ ചന്ദ്രബാബു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റെനി പോൾ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| അമൃതകുമാരി വി.ഡി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| റുബീന സി.എം | കൃഷിഓഫീസർ | 01-04-2021 | 31-03-2022 |
| സിബി സോമു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.നിതീഷ്.കെ.വി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| മഞ്ജു പി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എടത്തിരുത്തി സർക്കിൾ) | 01-04-2021 | 31-03-2022 |
| ശരത്ത് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെന്ത്രാപ്പിന്നി സർക്കിൾ) | 01-04-2021 | 17-09-2021 |
| മഞ്ജു പി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എടത്തിരുത്തി സർക്കിൾ) | 18-09-2021 | 04-10-2021 |
| ബീന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചെന്ത്രാപ്പിന്നി സർക്കിൾ) | 04-10-2021 | 31-03-2022 |
| സഖി.എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ലിസി.പി.ഡി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-12-2021 |
| അൻസിൽ പി.എം | ഫിഷറീസ് ഇൻസ്പെക്ടർ | 01-01-2022 | 31-03-2022 |
| മിനിഭായ് കെ.ആർ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-05-2021 |
| ബേബി.കെ.ബി | ഹെഡ്മിസ്ട്രസ്സ് | 01-06-2021 | 26-10-2021 |
| മഞ്ജുള മനോഹരൻ | ഹെഡ്മിസ്ട്രസ്സ് | 27-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| | (ജി.എൽ.പി.എസ്, ചാമക്കാല) | | |
| രമ്യ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 19-04-2021 |
| അതുല്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |
| ഹൃദ്യ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 12-07-2021 |
| സുകന്യ കെ.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-07-2021 | 15-11-2021 |
| ജെസീറ ഹമീദ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15-11-2021 | 16-11-2021 |
| ഷീബ സി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബഡ്ജറ്റ് രൂപീകരണം -നിയമവ്യവസ്ഥകൾ പിൻതുടരാത്തത് സംബന്ധിച്ച് | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പപദ്ധതി | 1-6 |
| 8 | ക്ഷേമപെൻഷനുകൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | വാർഷികകണക്കിലെ അപാകതകൾ | 1-10 |
| 12 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-1 |
| 13 | വസ്തുനികുതി(തൻവർഷം)-വാർഷികകണക്കും ഡിസിബിരജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 14 | വസ്തുനികുതി-നോൺറെസിഡൻഷ്യൽ(തൻവർഷം )-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 15 | വസ്തുനികുതി-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 16 | വസ്തുനികുതി നോൺ റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 17 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 18 | വസ്തുനികുതി മുൻകൂർ തീർപ്പാക്കാനവശേഷിക്കുന്നത്- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-7 |
| 19 | വരവ് രജിസ്റ്ററുകൾ-ലെഡ്ജറുമായി പൊരുത്തപ്പെടുത്തുന്നില്ല | 1-10-8 |
| 20 | അതാത് സമയം ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-10-9 |
| 21 | മുൻകൂർ ആയി ലഭിച്ച വരുമാനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-10-10 |
| 22 | "280000000-Prior Period Item" -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-11 |
| 23 | ജേണൽ വൌച്ചർ -അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-10-12 |
| 24 | ചെലവഴിക്കാൻ ബാക്കിയുള്ള ബാധ്യത തുകയും അതിന്റെ ബാങ്ക് | 1-10-13 |

| | | |
|---|---|---|
| | നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | |
| 25 | വായ്പ തിരിച്ചടവായി തെറ്റായി 300000 രൂപ അധികം ചേർത്തു | 1-10-14 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-15 |
| 27 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-16 |
| 28 | "Cheques Deposited But Not Credited" -തുടർനടപടി സ്വീകരിച്ചിട്ടില്ല | 1-10-17 |
| 29 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല | 1-10-18 |
| 30 | "Directly Credited By Bank"-തുടർനടപടി സ്വീകരിക്കുന്നില്ല | 1-10-19 |
| 31 | " Directly Debited By Bank"-തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-10-20 |
| 32 | രസീതി പരിശോധിച്ചതിൽ കണ്ട അപാകതകൾ | 1-11 |
| 33 | മതിയായ രേഖകൾ വാങ്ങി സൂക്ഷിക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകുന്നു | 1-12 |
| 34 | കോഴിഫാമുകൾ, കന്നുകാലി ഫാമുകൾ എന്നിവ ലൈസൻസ് എടുക്കാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്നു | 1-13 |
| 35 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 36 | മതിയായ രേഖകൾ ഇല്ലാതെ കെട്ടിടനിർമ്മാണാനുമതി നൽകുന്നു | 1-15 |
| 37 | സ്ലാബിലില്ലാത്ത വസ്തുനികുതി നിരക്ക് പുതുതായി ചേർത്തത് സംബന്ധിച്ച് | 1-16 |
| 38 | അനധികൃത നിർമ്മാണ കെട്ടിടത്തിന് വസ്തുനികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 39 | ലേലങ്ങൾ പുനർലേലം നടത്താതുമൂലം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചു | 1-18 |
| 40 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ - തൻ വർഷം പൂർത്തീകരിക്കാത്തവ അടുത്ത വർഷം സ്പിൽ ഓവർ പദ്ധതികളായി നടപ്പിലാക്കുന്നില്ല. | 1-19 |
| 41 | ഹോമിയോ ആശുപത്രിലേയ്ക്ക് മരുന്നുവാങ്ങൽ | 1-20 |
| 42 | ലൈഫ് മിഷൻ ഭവനനിർമ്മാണം (എസ് സി) | 1-21 |
| 43 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 1-22 |
| 44 | തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - തുടർ നടപടികളുടെ അഭാവം | 1-23 |
| 45 | കെൽട്രോണിന് മുൻകൂർ തുക നല്കി- നാളിതുവരെ ലാപ്പ്ടോപ്പ്,ഡെസ്ക്ടോപ്പ്,സ്കാനർ എന്നിവ ലഭ്യമായിട്ടില്ല | 1-24 |
| 46 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പണി പൂർത്തീകരിച്ചില്ല | 1-25 |

| | | |
|---|---|---|
| 47 | ബയോ ഫ്ളോക്ക് പദ്ധതി - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് പദ്ധതി തുക കൈമാറി | 1-26 |
| 48 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 1-27 |
| 49 | ലൈഫ് വായ്പ പദ്ധതി- ജനറൽ വിഭാഗത്തിന്റെ വായ്പയിലേക്ക് എസ് സി പി വിഹിതത്തിൽ നിന്നും റിക്കവറി | 1-28 |
| 50 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ- തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്ത ചെലവുകൾ | 1-29 |
| 51 | ദുരിതാശ്വാസ നിധി-നിഷ്ക്രിയം | 1-30 |
| 52 | മരാമത്ത് ചട്ടങ്ങളിലെയുംPWD മാന്വലിലെയും നിയമ വ്യവസ്ഥകളുടെ ലംഘനം-സംബന്ധിച്ച് | 1-31 |
| 53 | മരാമത്ത് പ്രവൃത്തികൾ-ടെണ്ടർ നോട്ടീസിന് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന ഇടവേള നൽകുന്നില്ല. | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 19/02/2021 | |
| കമ്മിറ്റി തീരുമാനം | 1(1) നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 248538293.30 | 239686820 |
| റിവൈസ്ഡ് ബജറ്റ് (2021-22) | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 24/03/2022<br>1(1) നമ്പർ തീരുമാനം | |
| കമ്മിറ്റി തീരുമാനം | | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 256790666 | 239963792 |

### 1-1-1 ബഡ്ജറ്റ് രൂപീകരണം -നിയമവ്യവസ്ഥകൾ പിൻതുടരാത്തത് സംബന്ധിച്ച്

ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടായേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബഡ്ജറ്റ്. സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിന് ആശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത്. സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബഡ്ജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായവിധത്തിൽ നിയന്ത്രിക്കുന്നതിന് ബഡ്ജറ്റ് സഹായിക്കുന്നു.

ഓഡിറ്റ് വേളയിൽ ഹാജരാക്കിയ ബജറ്റ് ഫയലിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിക്കാത്തതിനാൽ ആവശ്യകത വിലയിരുത്തുന്നതിനോ ബജറ്റ് രൂപീകരണത്തിൽ നിയമത്തിൽ അനുശാസിക്കുന്ന നടപടികൾ എടുത്തിരുന്നോ എന്ന് പരിശോധിക്കുന്നതിനോ സാധിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിലുള്ള മറുപടി/വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17)തൃപ്തികരമായ മറുപടിയല്ല ലഭിച്ചത്.

1.പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങളുടെ ക്രോഡീകരണമാണ് ബജറ്റ് പ്രക്രിയയിൽ പ്രധാനമായും ഉൾപ്പെടുന്നത്. ആയതിനാൽ ബജറ്റ് പ്രക്രിയ ആരംഭിക്കുന്നതിന് മുൻപ് ആസൂത്രണ പ്രക്രിയ പൂർത്തീകരിക്കേണ്ടതുണ്ട്. ബഡ്ജറ്റിൽ ഡി.പി.സി അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തിയി ട്ടുണ്ടോ ? അല്ലെങ്കിൽ ഡി.പി.സി അംഗീകരിച്ച മുറയ്ക്ക് വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കിയിട്ടുണ്ടോ ? (കേ.പ.രാ.നിയമം വകുപ്പ് 175(1),214(1))

2.വാസ്തവികമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളു ടെയും ഭൂമികളുടെയും ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ടോ ?

3.സെക്രട്ടറി, വിവിധ ഓഫിസ് തലവൻമാരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുന്നതിന് നിർദ്ദേശം നൽകുകയോ അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ (കേ.പ.രാ.നിയമം വകുപ്പ് 214(1)) ചെയ്തിട്ടുണ്ടോ ?

4.ജനുവരി 15 ന് മുമ്പ് മറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകേണ്ടതാണ്.(കേ.പ.രാ.നിയമം വകുപ്പ് 214(1)) അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ?

ബന്ധപ്പെട്ട നിയമ നിഷ്കർഷകൾ പാലിച്ചുകൊണ്ട് സാമ്പത്തിക ആസൂത്രണത്തിന് സഹായകമാകുന്ന തരത്തിൽ ബഡ്ജറ്റ് രൂപീകരണം സാധ്യമാകുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 05.08.2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22664434.30 |
| വരവ് | 105673014 |
| ആകെ | 128337448.30 |
| ചെലവ് | 100703619 |
| നീക്കിയിരിപ്പ് | 27633829.30 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14418693 | 14418693 | 14334200 | 84493 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9483800 | 9483800 | 9483800 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17555813 | 17555813 | 14748589 | 2807224 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6339536 | 6339536 | 3951301 | 2388235 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACRപ്രകാരം) UNTIED<br>TIED | 0 | 4184856<br>7524649 | 4184856<br>7524649 | 3306176<br>4497442 | 878680<br>3027207 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 199 | 116493846 | 141 | 75802956 | 48 | 10 | 70.85 |

## 1-6 തൊഴിലുറപ്പ്പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6752.51 | 1317398 | 1324150.51 | 1317969 | 6182 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20461734 | 20461734 | 20461734 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിതവേതനം | 38880 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 4075200 | 6 |
| വിധവാ പെൻഷൻ | 23794600 | 69 |
| വാർദ്ധക്യകാല പെൻഷൻ | 41255600 | 384 |
| വികലാംഗപെൻഷൻ | 5245600 | 7 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1554000 | 4 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.22 തീയതിയിൽ 3.15 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42596/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വാർഷികകണക്കിലെ അപാകതകൾ

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി 14 തീ 15/11/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

### 1-10-2 വസ്തുനികുതി(തൻവർഷം)-വാർഷികകണക്കും ഡിസിബിരജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം )

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3325991 | 3301679 | 17291 | 12663 |

| | | | | |
|---|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3325991 | 3301679 | 11713 (17291-5578) | 12663 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(13301/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തുനികുതി-നോൺറെസിഡൻഷ്യൽ(തൻവർഷം )-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺറെസിഡൻഷ്യൽ (തൻവർഷം )

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1794879 | 1767486 | 5744 | 23051 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1794879 | 1767486 | 4372 (5744-1372) | *23051 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(24203 /105X100)=23051 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ക്രമീകരിച്ച മുൻകൂർ തുക,കളക്ഷൻ തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-4 വസ്തുനികുതി-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും

പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 13221 | 12306 | **925 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 13221 | 12306 | **925 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (13896/105*100)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (971/105X100)=925, ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-5 വസ്തുനികുതി നോൺ റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 27735 | 16740 | 11000 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *27735 | 16740 | **11000 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (23353+5775/105*100)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (11550/105X100)=11000, ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-6 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 169318 | 675 | 169993 | 167659 | 619 | 168278 | 1220 | | 638 | 50 | 693 |
| | നോൺ-റെസിഡൻഷ്യൽ | 90593 | 1393 | 91986 | 89140 | 838 | 89978 | 330 | | 1153 | 550 | 1703 |
| | ആകെ | | | 261979 | | | 258256 | 1550 | 259806 | 2396 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 262287 | | | 258256 | | | 3100 | | 2391 | | |
| | | 2054+260233 = (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.മാത്രമല്ല തൻവർഷം+കുടിശ്ശിക =ആകെ കണക്കാക്കിയതിലും ഗണിത ക്രിയയിൽ തെറ്റ് സംഭവിച്ചിട്ടുണ്ട്.

2.ഡിമാന്റ് ,മുൻകൂർ ക്രമീകരിച്ചത്,ബാക്കി എന്നീ തുകകൾ വാർഷികകണക്കും ഡിസിബിയുമായി പൊരുത്തപ്പെടുന്നില്ല.

3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 258256 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 259806 രൂപയാണ്.

## 1-10-7 വസ്തുനികുതി മുൻകൂർ തീർപ്പാക്കാനവശേഷിക്കുന്നത്- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ (Balance Of Previous Year Remitted Advance Tax After Adjustment ) എന്ന കോളം പ്രകാരം |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property | 315423 | 330214 |

| | | | |
|---|---|---|---|
| | Tax On Residential Building | | |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 26253 | 27502 |

## 1-10-8 വരവ് രജിസ്റ്ററുകൾ-ലെഡ്ജറുമായി പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിൽ മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

## 1-10-9 അതാത് സമയം ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2021-22 വർഷത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ടെങ്കിലും 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം (1/4/21 ൽ ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു .ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വർഷാവസാനത്തിൽ വാർഷികകണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ 1/4/21 തീയ്യതിയിലെ എൻട്രിയായി രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.സോഫ്റ്റ്‌വെയറിൽ മുൻ തീയ്യതിയിലെ എൻട്രിയായി പിന്നീട് രേഖപ്പെടുത്തലുകൾ വരുത്താൻ ഉള്ള സൌകര്യം ഉണ്ടെന്ന് കാണുന്നു

മാത്രമല്ല ഇപ്രകാരം പൊരുത്തപ്പെടുത്തി കണക്കുകൾ തയ്യാറാക്കുന്നതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും

രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-10 മുൻകൂർ ആയി ലഭിച്ച വരുമാനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 75405 |
| 2. | വാടക | 350410401-Advance Collection Of Revenues-Rent From Building | 315 |
| 3. | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax/Institution /Professionals /Traders/ | 15900 |

## 1-10-11 “280000000-Prior Period Item” -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100104-Prior Period Income-Property Tax On Non Residential Buildings | (34) |
| 280200101-Prior Period Income-Rent From Building | 2500 |
| 280800201- Prior Period -Administrative Expenses | 1478296 |

| | |
|---|---|
| 280800701-Prior Period- Miscellaneous Expenses | 35259 |

## 1-10-12 ജേണൽ വൌച്ചർ -അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-13 ചെലവഴിക്കാൻ ബാക്കിയുള്ള ബാധ്യത തുകയും അതിന്റെ ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320200111 | Development Fund CFC- Tied | 1929271 | 450610101 | Federal Bank CFC 166195* | 2864193 |
| | 320200112 | Development Fund CFC- UnTied | 818840 | | | |
| | | ആകെ | 2748111 | | | |
| 2 | 320200399 | Grants Funds And Contribution For Specific Purposes | | 450610101 | SBI MPLAD-91553 | 158789 |
| 3. | 320700104 | Contribution For JVP-(Capital)-Block | 500721 | 450650109 | Treasury STSB-Joint Venture | 803337 |
| | 320700204 | Contribution For JVP-(Revenue)-Block | 296995 | | | |
| | | ആകെ | 797716 | | | |

*ഇതിൽ സിഎഫ്സി ഗ്രാന്റുപയോഗിച്ച് ചെയ്ത പ്രവൃത്തികളുടെ തുകകൾ നല്കിയപ്പോൾ റിക്കവറി തുകകൾ അടുത്ത മാസമാണ് അടവാക്കിയത്, എന്നാൽ പ്രവൃത്തിക്ക് ചെലവായ മുഴുവൻ തുകയും (റിക്കവറി തുകകൾ ഉൾപ്പെടെ) ഗ്രാന്റ് ബാധ്യതയിൽ നിന്ന് Capital Contribution ലേയ്ക്ക് മാറ്റിയതാണ് വ്യത്യാസത്തിന് കാരണം

## 1-10-14 വായ്പ തിരിച്ചടവായി തെറ്റായി 300000 രൂപ അധികം ചേർത്തു

വായ്പ രജിസ്റ്റർ പ്രകാരം 31/3/2022ൽ 4429517 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ 4129617 രൂപയാണ് അടവാക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത്.

| | | |
|---|---|---|
| വായ്പ മുന്നിരിപ്പ് | | 6505517 |
| വായ്പ എടുത്തത്<br>RP 32 പ്രകാരം | | 300000 |
| ആകെ | | 6805517 |
| വായ്പ വികസന ഫണ്ട് ജനറൽ, എസ് സ് പി എന്നിവയിൽ നിന്നും കുറവ് ചെയ്തത്<br>(പ്രോജക്റ്റുകൾ 231,202,203,233,219,205) | 727466<br>322667<br>410667<br>409200<br>242000<br>264000 | 2376000 |
| ബാക്കി അടവാക്കേണ്ടത് | | 4429517 |
| 31/3/22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി5 പ്രകാരം അടവാക്കാനുള്ളതായി രേഖപ്പെടുത്തിയത് | | 4129617 |
| വ്യത്യാസത്തിന് കാരണം<br>വൌച്ചർ നമ്പർ 42100291 തീ 31/3/22 ലെ ജേണൽ രേഖപ്പെടുത്തൽ<br>(330500202 Secured Loans - Loan From HUDCO Dr<br>251300101-Housing-General Cr) | | 300000 |

ജേണൽ പ്രകാരം തുക കുറവ് ചെയ്തത് എന്തിനാണെന്ന് വ്യക്തമല്ല.ഓഡിറ്റ് എൻക്വയറിയെ തുടർന്ന് വൌച്ചർ 42200562 തീ 21-11-22 പ്രകാരം ആയത് റിവേഴ്സ് ചെയ്ത് കൃത്യമാക്കിയിട്ടുണ്ട്.

## 1-10-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-16 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4969395 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13426337രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-17 “Cheques Deposited But Not Credited” -തുടർനടപടി സ്വീകരിച്ചിട്ടില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 34556 രൂപ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് വളരെ നാളുകളായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു.ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ബാങ്ക് | വൌച്ചർ തീയ്യതി | തുക |
|---|---|---|
| 450210101-എസ് ബി ഐ ഇ പേയ്മെന്റ് | 20/6/21 | 550 |
| | 22/6/21 | 2863 |
| | 03/03/21 | 3256 |
| | 01/03/21 | 18449 |
| | 12/11/20 | 1500 |

| | | |
|---|---|---|
| | 23/2/21 | 475 |
| | 02/02/20 | 976 |
| | 10/12/20 | 3954 |
| | 23/11/20 | 744 |
| 450230101 -DCB | 31/3/21 | 500 |
| | | 33267 |

## 1-10-18 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ബാങ്ക് | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 450210101-എസ് ബി ഐ ഇ പേയ്മെന്റ് | ---- | 20/6/21 | 550 |
| 450230101-DCB | 24891 | 23/12/21 | 500 |

## 1-10-19 "Directly Credited By Bank"-തുടർനടപടി സ്വീകരിക്കുന്നില്ല

"Directly Credited By Bank" എന്ന ഇനത്തിൽ 29558രൂപ ഉൾപ്പെടുത്തിയാണ് റീകൺസിലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ബാങ്ക് | തീയ്യതി | തുക |
|---|---|---|
| 450210101-എസ് ബി ഐ ഇ പേയ്മെന്റ് | 27/1/21 | 1134 |
| | 03/2/21 | 3598 |
| | 30/6/20 | 1361 |
| | 08/07/20 | 1152 |
| | 05/8/20 | 564 |
| | 27/10/20 | 6734 |
| | 5/8/20 | 214 |
| | 10/12/20 | 4005 |
| | 03/2/21 | 2851 |
| | 01/3/21 | 3835 |
| | 04/3/21 | 341 |
| | 04/3/21 | 3639 |
| | 03/2/21 | 130 |
| | ആകെ | 29558 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.(ഓഡിറ്റ് എൻക്വയറി 14 തീ 16/11/22)

## 1-10-20 " Directly Debited By Bank"-തുടർനടപടികൾ സ്വീകരിക്കുന്നില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട്പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2022 വരെയുള്ള എല്ലാ മാസവും റീകൺസിലിയേഷൻ പത്രിക യിൽ " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്.ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക്

അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് | തീയ്യതി | തുക |
|---|---|---|
| 450210101-എസ് ബി ഐ ഇ പേയ്മെന്റ് | 12/3/21 | 655 |

## 1-11 രസീതി പരിശോധിച്ചതിൽ കണ്ട അപാകതകൾ

കൃഷി ഓഫീസർക്ക് കൈമാറിയ മാന്വൽ രസീതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുമ്പോൾ തീയതി രേഖപ്പെടുത്താത്ത രസീതികളാണ് നൽകിയിരിക്കുന്നത് . ആയതു മൂലം ഈടാക്കിയ മുഴുവൻ തുകയും അതാത് ദിവസങ്ങളിൽ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.
വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | രസീതി നമ്പർ |
|---|---|---|
| 1. | 15945 | 1 മുതൽ 100 വരെ |
| 2. | 15946 | 1 മുതൽ 100 വരെ |
| 3. | 15947 | 1 മുതൽ 38 വരെ |

തീയതി രേഖപ്പെടുത്താതെ രസീതി കൈകാര്യം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( നമ്പർ : 13/16.11.22) തിരക്കിനിടയിൽ വിട്ടു പോയതാണ് എന്നും തുക ഈടാക്കിയ തീയതി തന്നെ പഞ്ചായത്തിൽ അടവാക്കിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-12 മതിയായ രേഖകൾ വാങ്ങി സൂക്ഷിക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകുന്നു

1. മലിനീകരണ നിയന്ത്രണ ബോർഡ്/ഇമേജ് നിന്ന് ലഭിക്കുന്ന സാക്ഷ്യപത്രം ഇല്ലാതെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് പാരാമെഡിക്കൽ ലൈസൻസ് അനുവദിച്ചു.

| ക്രമ നം. | സ്ഥാപനം | രജിസ്ട്രേഷൻ |
|---|---|---|
| 1. | സി.പി മുഹമ്മദ് മെമ്മോറിയൽ ചാരിറ്റബിൾ ഡയാലിസിസ് സെന്റർ | 10/21-22 |
| 2. | മെഡികെയർ ലാബ് | 6/21-22 |
| 3. | ഗ്രാന്റ് മെഡിക്കൽ സെന്റർ | 11/21-22 |
| 4. | നീതി ലാബ്,ചാമക്കാല | 18/21-22 |

ഇതുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 6/15.11.22 നൽകി.മറുപടിയിൽ സ്ഥാപനങ്ങൾ സാക്ഷ്യപത്രം ലഭിക്കുന്നതിന് ചലാൻ അടവാക്കിയിട്ടുണ്ടെന്നും സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചു.ആയതിനാൽ ആവശ്യമായ രേഖകൾ ലഭ്യമായതിനുശേഷം മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.. പിസിബിയിൽ നിന്നും ലഭിക്കുന്ന സാക്ഷ്യപത്രം ഇല്ലാതെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു

| ക്ര | സ്ഥാപനം | ലൈസൻസ് നം | മോട്ടോർ ശക്തി |
|---|---|---|---|
| 1. | സുരേഷ് ഫ്ലവർ മിൽ | 22/21-22 | 20HP |
| 2 | സിഎസ്എസ് ഫ്ലവർ മിൽ | 25/21-22 | 10HP |
| 3 | ശ്രീമുത്തപ്പൻ ബ്രിക്സ് | | 9.5HP |
| 4 | ബ്രദേഴ്സ് ഇൻഡസ്ട്രീസ് | 59/21-22 | 93.5HP |
| 5 | ഇന്ത്യ ഫാം | 9/21-22 | 11.5HP |

| | | | |
|---|---|---|---|
| 6 | താടിക്കാരൻ ഇൻഡസ്ട്രീസ് | 13/21-22 | 5HP |

ഇതുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 6/15.11.22 നൽകി.മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരം ലൈസൻസ് പുതുക്കി വരുന്ന സ്ഥാപനങ്ങൾക്ക് മുൻവർഷത്തെ ലൈസൻസും,അപേക്ഷയും മതിയെന്നും ലൈസൻസ് പുതുക്കുന്നതിന് മറ്റ് രേഖകളൊന്നും ആവശ്യമില്ലായെന്നും,ഫ്ലവർമില്ലുകൾ 18 വർഷത്തോളമായി ഇവിടെ പ്രവർത്തിച്ച് വരുന്നതാണെന്നുമാണ് മറുപടി നൽകിയത്. 10 എച്ച്.പിയ്ക്ക് മുകളിൽ യന്ത്രശക്തി വരുന്ന ഫ്ലവർമില്ലുകൾ ഗ്രീൻ സോണിലുള്ള വ്യവസായമല്ലായെന്ന് മലിനീകരണ നിയന്ത്രണ വകുപ്പിൽ സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾ പ്രകാരം വിവിധ സർക്കാർ വകുപ്പുകൾ/എജൻസികൾ എന്നിവരിൽ നിന്നും ലഭിക്കുന്ന നിരാക്ഷേപ പത്രങ്ങളുടെ/സാക്ഷ്യപത്രങ്ങളുടെ കാലാവധി എന്നവരെയാണോ ആ കാലാവധി വരെ മാത്രമേ ലൈസൻസ് അനുവദിക്കാവൂ.അതായത് നിരാക്ഷേപപത്രങ്ങളുടെ കാലാവധിയാണ് ലൈസൻസ് നൽകുന്ന കാലാവധി.ആയതിനാൽ മതിയായ രേഖകൾ വാങ്ങി സൂക്ഷിച്ച് മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കോഴിഫാമുകൾ, കന്നുകാലി ഫാമുകൾ എന്നിവ ലൈസൻസ് എടുക്കാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്നു

സഞ്ചയ സോഫ്റ്റ് വെയർ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം കോഴിഫാമുകളും, കന്നുകാലി ഫാമുകളുമാണ്.

| ക്ര | കെട്ടിട നം | ഉടമസ്ഥൻ | വിസ്തീർണ്ണം(ച.മീ) | ഉപയോഗക്രമം |
|---|---|---|---|---|
| 1 | I/446 | സുഷ്മ ,വാഴപ്പുള്ളി | 274.3 | കോഴിഫാം |
| 2. | I/211 | ജനാർദ്ദനൻ,പുത്തൻപുര | 60 | " |
| 3. | I/212 | " " | 60 | " |
| 4. | I/324A | കുഞ്ഞിമോൾ,മതിലകത്ത് വീട്ടിൽ | 60 | " |
| 5 | I/400A | ഷൺമുഖൻ,തൊഴുത്തുംപറമ്പിൽ | 165.4 | " |
| 6 | 5/323A | ജോഷി,വെളിയത്ത് | 114 | " |
| 7 | 12/116A | ഉഷ,വെളമ്പത്ത് | 100 | " |
| 8 | 12/116B | " " " | 100 | " |
| 9 | 16/208A | ഷീല,കൊല്ലാറ | 24.5 | " |
| 10 | 16/210B | റോഷി&സൂരജ്,കൊല്ലാറ | 127.4 | " |
| 11 | 16/481 | നളിനി ,കോഴിപ്പറമ്പിൽ | 3 | " |
| 12 | 16/482 | " " " | 93 | " |
| 13 | 18/38A | അബൂബക്കർ,പവ്വത്ത് പറമ്പിൽ | 63.86 | ലൈവ് സ്റ്റോക്ക് ഫാം |

2021-22 സാമ്പത്തിക വർഷത്തിൽ ഫാമുകളൊന്നും തന്നെ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല(ഈ ഫാമുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ലായെന്നുള്ള രേഖകളില്ല). കേരള പഞ്ചായത്ത് രാജ് ചട്ടപ്രകാരം അനധികൃതഫാമുകൾ പ്രവർത്തിക്കുന്നത് സ്റ്റോപ്പ് മെമ്മോ നൽകി പിഴ ഈടാക്കേണ്ടതാണ്. ഈ അനധികൃത ഫാമുകൾക്കെതിരെ ഗ്രാമപഞ്ചായത്ത് എടുത്തിട്ടുള്ള നടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 6/15.11.22 നൽകി. കൊറൊണ പ്രതിസന്ധിമൂലം പല സ്ഥാപനങ്ങളും അടച്ചുപൂട്ടിയതാണെന്നും ഒരു കോഴി ഫാമിൽ പോലും നൂറിലധികം കോഴികളില്ലായെന്നും,അതുപോലെ ലൈവ് സ്റ്റോക്ക് ഫാമിൽ ലൈസൻസ് എടുക്കാൻ തക്ക വിധത്തിൽ ആടുമാടുകളില്ലായെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി.

ഗ്രാമപഞ്ചായത്തിലെ ലൈവ് സ്റ്റോക്ക് ഫാമുകളുടെ വിവരം ഉൾപ്പെടുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.പല ഫാമുകളുടെയും വിസ്തൃതി കണക്കിലെടുത്താൽ 100-ൽ താഴെ കോഴികൾ മാത്രമെയുള്ളുവെന്ന് ഓഡിറ്റ് കരുതുന്നില്ല.ആയതിനാൽ എല്ലാ വാർഡുകളിലും ഫീൽഡ് പരിശോധന നടത്തി അനധികൃത ലൈവ് സ്റ്റോക്ക് ഫാമുകളെ കണ്ടെത്തി കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം സ്റ്റോപ്പ് മെമ്മോ നൽകി പിഴ ഈടാക്കേണ്ടതാണ്.ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാത്തതിനാൽ സ്ഥാപനതൊഴിൽ നികുതി, ലൈസൻസ് ഫീസ് ഇനങ്ങളിൽ

ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്.ആയതിനാൽ അനധികൃത ഫാമുകളെ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

I) വ്യാപാരക സംരംഭക ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും ഒത്തു പരിശോധിച്ചതിൽ നിന്നും 2021 – 22 വർഷത്തിൽ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തതായി കാണുന്നു.
വിവരങ്ങൾ ചുവടെ പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവന ക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1. | എ. ആർ.എൻ. സ്ലിപ്പർ മേയ്ക്കിങ് യൂണിറ്റ് 4/113,114 | 5 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 2. | ഗ്രാന്റ് വില്ലേജ് സൂപ്പർമാർകെറ്റ് പ്രൈവറ്റ് ലിമിറ്റഡ് 10/ 229 എൻ | 6 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 3. | മാഫാം പ്രൊഡക്ഷൻ യുണിറ്റ് 1/ 322 | 5 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 4. | CW കാർ വേൾഡ് 12 / 7 എ | 9 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 5. | തട്ടിൽ ഏജൻസീസ് 3 / 328 | 8 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് രണ്ട് അർദ്ധവർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതിയായി 2400/- 1220304179/19.11.22 പ്രകാരം അടവാക്കിയിട്ടുണ്ട്. |
| 6. | മർവ ഫാമിലി റെസ്റ്റോറന്റ് 8/ 226 എ | 10 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 7. | ലീ എക്സ് ക്രീയേഷൻ 11 / 697 | 10 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 8. | തോട്ടാരത്ത് ഹാർഡ് വെയേഴ്സ് 10/ 259 ബി 1 | 5 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 9 | ഇന്ത്യ ഫാം 11 / 638 | 6 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |

തൊഴിൽ നികുതി ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ : 15/17.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടിക പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

II) ജീവനക്കാരുടെ തൊഴിൽ നികുതി സ്ലാബ് പ്രകാരം അടവാക്കിയിട്ടില്ല.

2021 -22 ലെ രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ട സ്ലാബിൽ നിന്നും കുറവ് ഈടാക്കിയതായി കാണുന്നു എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ (നമ്പർ :4/14.11.22) തുടർന്ന് ഈടാക്കാൻ കുറവുണ്ടായ തുക ഈടാക്കിയതിന്റെ മറുപടി വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ | ജീവനക്കാരന്റെ | അർദ്ധവാർഷിക | ഈടാക്കിയ | ഈടാക്കേണ്ട | റിമാർക്സ് |
|---|---|---|---|---|---|

| നമ്പർ | വിവരം | വരുമാനം | തൊഴിൽ നികുതി | തൊഴിൽ നികുതി | |
|---|---|---|---|---|---|
| 1. | ജെ.എസ്. മീനാക്ഷി, ക്ലർക്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ചെന്ത്രാപ്പിന്നി ബ്രാഞ്ച്. | 100230 | 750/- | 1000/- | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ഈടാക്കാൻ കുറവുണ്ടായ 250/- തുക 1220304175/19.11.22 പ്രകാരം അടവാക്കി. |

III) താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് 1996-ലെ തൊഴിൽ നികുതി ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്ന എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 5/14.11.22) ചുവടെ ചേർത്ത പട്ടിക പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | രജിസ്ട്രേഷൻ നം. | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1. | സൽവ ലബോറട്ടറി | 2/21-22 | മറ്റ് ജീവനക്കാർ-2 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 1220304174/19.11.22 പ്രകാരം രണ്ടു അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതിയായി 600/- അടവാക്കിയിട്ടുണ്ട്. |
| 2. | അശ്വിനി ലാബ് &ഇ.സി.ജി | 3/21-22 | ലാബ് ടെക്നീഷ്യൻ-2 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 1220304178/19.11.22 പ്രകാരം രണ്ടു അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതിയായി 900/- അടവാക്കിയിട്ടുണ്ട്. |
| 3. | നമ്മുടെ ആരോഗ്യം കമ്മ്യൂണിറ്റി ആശുപത്രി പെരിഫെറൽ ക്ലിനിക് | 4/21-22 | ജീവനക്കാർ-2 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 4. | മെഡികെയർ ലാബ് | 6/21-22 | ലാബ് ടെക്നീഷ്യൻ-2 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 5. | നീതി ക്ലിനിക്കൽ ലാബ് | 8/21-22 | ലാബ് ടെക്നീഷ്യൻ-2 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 6. | സി.പി മുഹമ്മദ് മെമ്മോറിയൽ ചാരിറ്റബിൾ ഡയാലിസിസ് സെന്റർ | 10/21-22 | മറ്റ് ജീവനക്കാർ-2 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 7. | ഗ്രാന്റ് മെഡിക്കൽ സെന്റർ | 11/21-22 | ജീവനക്കാർ-1 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 8. | ഏവുപ്രാസ്യ ഹോമിയോപ്പതി ക്ലിനിക് | 12/21-22 | ജീവനക്കാർ-1 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 1220304173/ 19.11.22 പ്രകാരം രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി 600/-അടവാക്കിയിട്ടുണ്ട് . ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 9. | മാകെയർ ഡയഗനോസ്റ്റിക്സ് | 16/21-22 | ജീവനക്കാർ-2 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 10. | നീതി ലബോറട്ടറി,ചെന്ത്രപ്പിന്നി | 17/21-22 | ജീവനക്കാർ-1 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 11. | നീതി ലബോറട്ടറി,ചാമക്കാല | 18/21-22 | ജീവനക്കാർ-1 | തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| 12. | ആരോഗ്യ ഹോമിയോപ്പതിക് ക്ലിനിക് | 19/21-22 | ജീവനക്കാർ-1 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 1220304172/19.11.22 പ്രകാരം രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി 1250/-അടവാക്കിയിട്ടുണ്ട് . ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |

തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

IV) താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനത്തിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 5/14.11.22) ചുവടെ ചേർത്ത പട്ടിക പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്ര | സ്ഥാപനം | രജിസ്ട്രേഷൻ നം. | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | കരിയർമന്ത്ര സ്റ്റഡി സെന്റർ | 1/21-22 | അപേക്ഷയിലില്ല | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 1220304171/19.11.22 പ്രകാരം രണ്ടു അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതിയായി 600/- അടവാക്കിയിട്ടുണ്ട്. |
| 2 | നീലൂസ് എജ്യു കെയർ | 2/21-22 | അധ്യാപകർ-3 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 1220304173/19.11.22 പ്രകാരം രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി 450/-അടവാക്കിയിട്ടുണ്ട് . ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 3 | ജേക്കബ് സ്റ്റഡി സെന്റർ | 4/21-22 | അധ്യാപകർ-3 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 1220304203/21.11.22 പ്രകാരം രണ്ടു അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതിയായി 960/- അടവാക്കിയിട്ടുണ്ട്. |

തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 മതിയായ രേഖകൾ ഇല്ലാതെ കെട്ടിടനിർമ്മാണാനുമതി നൽകുന്നു

1. പെർമിറ്റ് നം.എ4-ബിഎ(117550)/22 തി.6/4/22, അപേക്ഷ നം.എ4/368/22 തി.28.2.22 പ്രകാരം അബ്ദുൾ ഹമീദ്, റഹിയ അബ്ദുൾ, കുന്നംകിലത്ത് ഹൗസ് എന്നവരുടെ 1338.2 ച.മീറ്റർ വിസ്തൃതിയിലുള്ള ഓഡിറ്റോറിയത്തിന് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. 2019 ലെ പുതിയ കെ.പി.ബി.ആർ ചട്ടങ്ങൾ പ്രകാരം ഗ്രൂപ്പ് ഡി-അസംബ്ലി കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി ആവശ്യമാണ്. എന്നാൽ ഫയൽ പരിശോധനയിൽ ഫയർ എൻ.ഒ.സി വാങ്ങി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 7/15.11.22 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ പെർമിറ്റ് റദ്ദ് ചെയ്ത് കെട്ടിട നിർമ്മാണം ആരംഭിക്കുകയോ/പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പെർമിറ്റ് നം.എ4-ബിഎ(7385)/22 തി.6.1.22, അപേക്ഷ നം.എ4/6411/21 തി.29.12.21 എന്നിവ പ്രകാരം ശ്രീ.ഷിബു & ഹീര,തെക്കേനത്ത് ഹൗസ്, എടത്തിരുത്തി എന്നവർക്ക് 486 ച.മീ വിസ്തൃതിയിലുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. സ്ഥലവിസ്തീർണ്ണം 4.86 Ares ആണ്. ആയത് നിലമാണ്. ഇരിങ്ങാലക്കട ആർ.ഡി.ഒ യുടെ ഉത്തരവ് നം.ബി1- 1468/19 തി.8.12.20 പ്രകാരം നിലം തരം മാറ്റി നൽകിയിട്ടുണ്ട്. ഉത്തരവിൽ 3000 ചതുരശ്ര അടിയിൽ കൂടുതലുള്ള നിർമ്മിതിയ്ക്ക് ഓരോ ചതുരശ്ര അടിക്കും 100രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കണം എന്ന വ്യവസ്ഥയിലാണ് ഭൂമി തരം മാറ്റി നൽകിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ വ്യവസ്ഥ പാലിച്ചിട്ടുണ്ടോയെന്ന നോക്കാതെ 486 ച.മീറ്റർ വിസ്തൃതിയിലുള്ള വാണിജ്യ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി. ആയതിനാൽ അധിക നിർമ്മാണത്തിന് ഫീ അടവാക്കിയ രേഖകൾ വാങ്ങി സൂക്ഷിക്കാതെ പെർമിറ്റ് അനുവദിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 7/15.11.22

നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല.അധിക നിർമ്മാണത്തിന് ഫീസ് അടവാക്കിയ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിൽ കെട്ടിട നിർമ്മാണ വിസ്തൃതി 3000 ചതുരശ്ര അടിയിൽ ക്രമീകരിച്ച് മാത്രം കെട്ടിടം ക്രമവത്ക്കരിക്കേണ്ടതാണ്.

## 1-16 സ്ലാബിലില്ലാത്ത വസ്തുനികുതി നിരക്ക് പുതുതായി ചേർത്തത് സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 ആം വകുപ്പ് 2 ഉം 5 ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം വിഭാഗമായ പാർപ്പിട ആവശ്യത്തിനുള്ളവയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്ന പുതിയ ഉപവിഭാഗം 25.2 2015 ൽ എസ്.ആർ.ഒ. നമ്പർ 100/2015 കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതു പ്രകാരം ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് 30 ഉം ഏറ്റവും കൂടിയ നിരക്ക് 60 ഉം ആണ് നിശ്ചയിക്കേണ്ടത്.

2021 -22 ൽ ഗ്രാമപഞ്ചായത്തിലെ 8 ആം വാർഡിലെ നമ്പറാട്ടിച്ചിറ എന്ന സ്ഥലത്തു 34/3 എ നമ്പർ സർവ്വേ നമ്പറിൽ പണിഞ്ഞ 10 കെട്ടിടങ്ങൾക്ക് (ആകെ വിസ്തീർണ്ണം 157 ച. മീ.) നമ്പർ നൽകാനുള്ള അപേക്ഷ ലഭിച്ചപ്പോൾ ആദ്യം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നതിൽ ഉൾപ്പെടുത്തി (8/ 546 എ , 8/ 546 ബി , 8/ 546 സി, 8/ 546ഡി, 8/ 546ഇ, 8/ 546എഫ്, 8/ 546 ജി, 8/ 546എച്, 8/ 546 ഐ, 8/ 546 ജെ എന്നീ 10 കെട്ടിടങ്ങൾക്കും 15.7 ച.മീ. എന്ന വിസ്തീർണ്ണം വീതം ) 40/- നിരക്കിൽ കെട്ടിടനികുതി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കെട്ടിട ഉടമ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ച തരണമെന്ന അപേക്ഷ പഞ്ചായത്തിൽ നൽകിയതിന് മേൽ , 11.10.21 ലെ 33 നമ്പർ ഭരണസമിതി തീരുമാനം പ്രകാരം പുതിയ ഒരു സ്ലാബായി റെസിഡൻഷ്യൽ ഹോംസ്റ്റേ (ഏറ്റവും കുറഞ്ഞ നിരക്ക് 10 ഉം ഏറ്റവും കൂടിയ നിരക്ക് 25 ഉം ) സഞ്ചയസോഫ്റ്റ് വെയറിൽ ചേർക്കുകയുണ്ടായി. ഈ പുതിയ സ്ലാബിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 15 രൂപ നിരക്കിൽ നിശ്ചയിച്ചാണ് മുകളിൽ സൂചിപ്പിച്ച 10 കെട്ടിടങ്ങൾക്കും വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായി ഇത്തരത്തിൽ പുതിയ ഒരു വസ്തു നികുതി നിരക്ക് ഉൾപ്പെടുത്തുന്നതിന് ഉപാധിയായ ഉത്തരവ് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 9/15.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ചട്ട പ്രകാരം ടി കെട്ടിടത്തെ ഉൾക്കൊള്ളുന്ന വസ്തുനികുതി നിരക്ക് നില നിൽക്കെ പുതിയ വസ്തുനികുതി നിരക്കിന്റെ സ്ലാബ് സഞ്ചയയിൽ ഉൾപ്പെടുത്തിയതിന് ഭരണസമിതി തീരുമാനിച്ചതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്. ആയതിന് ഉപാധിയായ ഉത്തരവും ലഭ്യമാക്കേണ്ടതാണ്.

## 1-17 അനധികൃത നിർമ്മാണ കെട്ടിടത്തിന് വസ്തുനികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ചെന്ത്രാപ്പിന്നി വില്ലേജിൽ സർവ്വേ നമ്പർ 24/8 ൽ ശ്രീ.ഹുസൈൻ, തളിക്കുളം വീട് എന്നവരുടെ ഉടമസ്ഥതയിലുള്ള ഇരുനില വാണിജ്യകെട്ടിടത്തിന്റെ മുകൾ നില 24.11.2015 ൽ പണി പൂർത്തീകരിച്ച് നമ്പറിങ്ങിനായി അപേക്ഷിച്ചിട്ടുള്ളതാണ്. എന്നാൽ ടി കെട്ടിടം കേരള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ പണി കഴിപ്പിച്ചതിനാൽ കെട്ടിടനിർമ്മാണം ക്രമവത്കരണം ചെയ്ത് നൽകിയിട്ടില്ല. കെട്ടിടത്തിന് 136.86 ച. മീ. തറവിസ്തീർണ്ണമുണ്ട്. ആയതുമായി ബന്ധപ്പെട്ട് തുടർനടപടികൾ നടന്നുകൊണ്ടിരിക്കുകയാണ് എന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു.
1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ ഈ കെട്ടിടത്തിന് നാളിതുവരെയായും വസ്തുനികുതി ഈടാക്കിയിട്ടില്ലാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 2/11.11.22) ടി കെട്ടിടത്തിന് നിലവിൽ കോമ്പൗണ്ടിങ് ഫീ അടവാക്കുന്നതുമായി ബന്ധപ്പെട്ട ജില്ലാ തലത്തിലുള്ള അദാലത്തിൽ പരിഗണനയിലിരിക്കുന്നു എന്നും ആയതിന് അന്തിമ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നും അറിയിച്ചിട്ടുണ്ട്.

ആയതിനാൽ നിയമാനുസൃതമല്ലാത്ത ടി കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ലേലങ്ങൾ പുനർലേലം നടത്താതുമൂലം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചു

1. ലേല നോട്ടീസ് നം.എ6-9655/18 തി.08.12.21 പ്രകാരം പൈനൂർചിറ,ചുലൂർചിറ,അയ്യംപ്പടി മാത്തികുളം എന്നി കുളങ്ങൾ മീൻപിടിക്കുന്നതിനായുള്ള ലേലം 22/12/21 തിയ്യതി 11.30am ഗ്രാമപഞ്ചായത്തിൽ നടത്തിയിരുന്നു.അയ്യംപ്പടി മാത്തികുളം ലേലം 50,000/-രൂപയിൽ ആരംഭിച്ചു.ലേലത്തിൽ മൂന്നുപേരാണ് പങ്കെടുത്തത്.ലേലം ആരുതന്നെ വിളിക്കാത്തതിനാൽ 50,000/- രൂപയിൽ നിന്നും 20,000/-രൂപ വരെ ലേല തുക താഴ്ത്തി.എന്നിട്ടും ആരും ലേലം എറ്റെടുത്തില്ല.കുളത്തിൽ ചണ്ടി ഉള്ളതിനാലാണ് ലേലം എറ്റെടുക്കാതിരുന്നതെന്നാണ് ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്.ഗ്രാമപഞ്ചായത്ത് കുളത്തിൽ നിന്നും ചണ്ടി നീക്കം ചെയ്ത് പുനർലേലം നടത്തിയിട്ടില്ല.

1.1 പൈനൂർചിറ,ചുലൂർചിറ എന്നിവയുടെ ലേലം 1,09,000/- രൂപയ്ക്ക് തുടങ്ങി.ലേലത്തിൽ മൂന്നുപേർ മാത്രമാണ് പങ്കെടുത്തത്. നീർനായയുടെ ശല്യമുള്ളതിനാൽ ആരും ലേലം കൈക്കൊണ്ടില്ലായെന്നാണ് ഫയലിൽ നിന്നും ബോധ്യപ്പടുന്നത്.ആയത് പിന്നീട് പുനർലേലം ചെയ്തിട്ടില്ല.2018-19 സാമ്പത്തിക വർഷത്തിൽ 1,08,875/-രൂപയ്ക്ക് ലേലം ചെയ്തിട്ടുള്ള കുളങ്ങൾ 2019-20,2020-21 സാമ്പത്തിക വർഷങ്ങളിൽ ലേലം ചെയ്തിട്ടില്ല.മൊത്തം 1,59,000/-രൂപ വരുന്ന ലേലങ്ങൾക്ക് വേണ്ടത്ര സ്വീകാര്യത ലഭിക്കുന്നതിന് പത്രപ്പരസ്യം നൽകിയിട്ടില്ല.കുളങ്ങളും/ചിറകളും പുനർലേലം ചെയ്തിട്ടില്ല.
മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 8/15.11.22 നൽകിയെങ്കിലും,മറുപടിയിൽ ഈ ചിറകൾ വൃത്തിയാക്കുന്നതിന് 30.3.21 ലെ ഭരണസമിതി തീരുമാനം 3(1) എടുത്തിട്ടുള്ളതാണെന്നും,ലേലം നടന്ന ഡിസംബർ മാസത്തിൽ വെള്ളം നിറഞ്ഞു കിടക്കുകയായിരുന്നെന്നും വെള്ളം വറ്റിച്ച് വൃത്തിയാക്കിയാൽ സമീപപ്രദേശത്തെ കിണറുകളിൽ വെള്ളം കുറഞ്ഞ് കുടിവെള്ള ക്ഷാമം അനുഭവപ്പെടും എന്നതിനാൽ വെള്ളം കുറഞ്ഞ സാഹചര്യത്തിൽ മാത്രമേ ചിറകൾ വൃത്തിയാക്കി ലേല നടപടികൾ പൂർത്തീകരിക്കാനാകൂയെന്നാണ് ഓഡിറ്റിനെ അറിയിച്ചത്.
എൻക്വയറിയ്ക്ക് നൽകിയ മറുപടി പ്രകാരം 30.3.21 -ാം തിയ്യതിയിൽ ചിറകൾ വൃത്തിയാക്കുന്നതിന് ഭരണസമിതി തീരുമാനം എടുത്തിട്ട് ആയത് നിർവഹിക്കാതെ 9 മാസത്തിനുശേഷം 22.12.21-ാം തിയ്യതിയിൽ(ഡിസംബർ മാസത്തിൽ) ലേലം നടത്തിയത് എന്തിനാണെന്ന് ഓഡിറ്റിന് ബോധ്യപ്പെടുന്നില്ല. ഡിസംബർ മാസത്തിൽ വെള്ളം നിറഞ്ഞു കിടക്കുന്നതിനാൽ ചിറവൃത്തിയാക്കാൻ സാധിക്കാത്ത സാഹചര്യമാണെന്നാണ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. യഥാർത്ഥത്തിൽ പൈനൂർചിറ,ചുലൂർചിറ എന്നിവയിൽ നീർനായയുടെ ശല്യമുള്ളതിനാലാണ് ആരും ലേലം എറ്റെടുക്കാതിരുന്നത്.അയ്യംപ്പടി മാത്തികുളത്തിലാണ് ചണ്ടി ഉള്ളതിനാൽ ആരും ലേലം എറ്റെടുക്കാതിരുന്നത്.
ലേലം നടത്തിപ്പിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു
1.ലേലങ്ങൾക്ക് വേണ്ടത്ര സ്വീകാര്യത ലഭിക്കുന്നതിന് പത്രപ്പരസ്യം നൽകാതിരുന്നതും,ലേലങ്ങൾ പുനർലേലം നടത്താതിരുന്നതും ലേലം നടപടി ക്രമങ്ങളിലെ വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്.ആയതുമൂലം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിന് ബോധ്യപ്പെടുന്നു.ആയതിനാൽ ഇത്തരം നടപടികൾ ആവർത്തിക്കാതിക്കുന്നതിനും,ലേല നടപടികൾ ചട്ടങ്ങൾ പാലിച്ച് കൃത്യമായി നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ - തൻ വർഷം പൂർത്തീകരിക്കാത്തവ അടുത്ത വർഷം സ്പിൽ ഓവർ പദ്ധതികളായി നടപ്പിലാക്കുന്നില്ല.

ഐ.സി.ഡി.എസ് സൂപ്പർ വൈസർ പദ്ധതികൾ നടപ്പിലാക്കുമ്പോൾ തൻവർഷം കൊടുത്തു തീർക്കാനുള്ള ചെലവ് തുകകൾ തുടർവർഷങ്ങളിൽ നടപ്പിലാക്കുന്ന അതേ പദ്ധതി വിഹിതത്തിൽ നിന്ന് കണ്ടെത്തുന്നു.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം : 2020-21
പദ്ധതിയുടെ നമ്പർ, പേര് : 36, അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി (ജനറൽ)
അടങ്കൽ : ₹22,00,000/-
ചെലവ് : ₹22,00,000/-
മേൽ പദ്ധതിക്കായി ഭക്ഷ്യവസ്തുക്കൾ എടത്തുരുത്തി നീതി സ്റ്റോർ, ഊർജസ് ന്യൂട്രിമിക്സ് യൂണിറ്റ് കാറളം എന്നിവിടങ്ങളിൽ നിന്നുമാണ് വാങ്ങിയിരുന്നത്. തുക കൈമാറുന്നതിന് മുൻപ് ഭക്ഷ്യവസ്തുക്കൾ 30 അങ്കണവാടികൾക്കും

വിതരണം ചെയ്തു. ചെലവ് തുക പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയിരുന്നില്ല . ഈ ഇനത്തിൽ എടത്തുരുത്തി നീതി സ്റ്റോറിന് ₹5,07,674/- യും ഊർജസ് ന്യൂട്രിമിക്സ് യൂണിറ്റ് കാറളത്തിന് ₹3,33,027/-യും ചേർത്ത് ₹8,40,701/- 2020 -21 ൽ നിർവഹണ ഉദ്യോഗസ്ഥൻ നല്കാനുണ്ടായിരുന്നു. എന്നാൽ തൻവർഷത്തെ പദ്ധതി വിഹിതം തീർന്നതിനാൽ ₹8,40,701/- യുടെ ബാധ്യത പഞ്ചായത്തിന് ഉണ്ടായി. ഈ സാഹചര്യത്തിൽ ടി ബാധ്യത വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുകയോ തൊട്ടടുത്ത വർഷം ഈ തുകക്ക് സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തി ബാധ്യത കൊടുത്തു തീർക്കുകയോ ചെയ്യുന്നില്ല. ടി തുക അടുത്ത വർഷത്തിലെ പദ്ധതി (അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി ) തുകയിൽ നിന്ന് ചെലവഴിക്കുന്നതായി കാണുന്നു.

ഇതേ രീതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ കൊടുക്കാനുണ്ടായിരുന്ന തുകയും 2022 23 സാമ്പത്തിക വർഷത്തിൽ കൊടുത്തു തീർന്നതായും കാണുന്നു.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
സാമ്പത്തിക വർഷം : 2021-22
1. പദ്ധതിയുടെ നമ്പർ, പേര് : 13 , അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി (പട്ടികജാതി)
അടങ്കൽ : ₹9,00,000/-
ചെലവ് : ₹9,00,000/-
മേൽ പദ്ധതിക്കായി ഭക്ഷ്യവസ്തുക്കൾ എടത്തുരുത്തി നീതി സ്റ്റോർ നിന്നുമാണ് വാങ്ങിയിരുന്നത്. തുക കൈമാറുന്നതിന് മുൻപ് ഭക്ഷ്യവസ്തുക്കൾ അങ്കണവാടികൾക്ക് വിതരണം ചെയ്തു. ചെലവ് തുക പ്രസ്തുത സ്ഥാപനത്തിന് നൽകിയിരുന്നില്ല . ഈ ഇനത്തിൽ എടത്തുരുത്തി നീതി സ്റ്റോറിന് നൽകാനുള്ള ₹16,625/- അടുത്ത വർഷ(2022-23)ത്തിലെ പദ്ധതി (അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി ) തുകയിൽ നിന്ന് ചെലവഴിക്കുന്നതായി കാണുന്നു.

2. പദ്ധതിയുടെ നമ്പർ, പേര് : 11, അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി (ജനറൽ)
അടങ്കൽ : ₹30,00,000/-
ചെലവ് : ₹30,00,000/-
മേൽ പദ്ധതിക്കായി ഭക്ഷ്യവസ്തുക്കൾ ഊർജസ് ന്യൂട്രിമിക്സ് യൂണിറ്റ് കാറളം നിന്നുമാണ് വാങ്ങിയിരുന്നത്. തുക കൈമാറുന്നതിന് മുൻപ് ഭക്ഷ്യവസ്തുക്കൾ അങ്കണവാടികൾക്ക് വിതരണം ചെയ്തു. ചെലവ് തുക പ്രസ്തുത സ്ഥാപനത്തിന് നൽകിയിരുന്നില്ല . ഈ ഇനത്തിൽ ഊർജസ് ന്യൂട്രിമിക്സ് യൂണിറ്റിന് നൽകാനുള്ള ₹1,93,056/- യും പോഷകാഹാരത്തിന് ഉപയോഗിച്ച ഫ്യൂവൽ ആൻഡ് കോണ്ടിമെന്റ്സ് ചാർജ്ജ് ഇനത്തിൽ അങ്കണവാടി ടീച്ചർമാർക്ക് നല്കാനുണ്ടായിരുന്ന ₹30,546/- ചേർത്ത് ₹2,23,602/- 2022-23 സാമ്പത്തിക വർഷത്തിൽ കൊടുത്തു തീർന്നതായും കാണുന്നു.

സ.ഉ.(കൈ)നം.11/2018/തസ്വഭവ, തിരുവനന്തപുരം, തീയതി: 29.1.2018 ഉത്തരവിലെ 3.5.3(1) ഖണ്ഡിക പ്രകാരം ഒരു വാർഷിക പദ്ധതിയിൽ പുതുതായി ഏറ്റെടുത്ത് നിർവഹണം ആരംഭിക്കുന്ന പ്രൊജെക്റ്റുകളാണ് പുതിയ പ്രൊജെക്റ്റുകൾ. ഇത് ഏകവർഷമോ ബഹുവർഷമോ ആകാം. എന്നാൽ അംഗീകാരം ലഭിച് നിർവഹണ നടപടികൾ ആരംഭിച്ച എങ്കിലും ഏറ്റെടുത്ത വർഷത്തിനുള്ളിൽ ഭൗതികവും സാമ്പത്തികവും ആയ പൂർത്തീകരണം നടത്താൻ കഴിയാത്തതിനാൽ അവ പൂർത്തീകരിക്കുന്നതിന് അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രൊജെക്റ്റുകളെ സ്പിൽ ഓവർ പ്രൊജെക്റ്റുകളായി പരിഗണിക്കേണ്ടതാണ് എന്നാണ്.
എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതികളിൽ വർഷം അവസാനിക്കുന്നതിന് മുമ്പേ കൊടുത്തു തീർക്കേണ്ടതായ തുകകൾ സംബന്ധിച്ച് പഞ്ചായത്ത് പരിശോധന നടത്തി അവശേഷിക്കുന്ന ബാധ്യതകൾ തിട്ടപ്പെടുത്തി, കൊടുത്തു തീർക്കേണ്ടത് തൻ വർഷം തന്നെ കൊടുക്കുകയും അല്ലാത്തവ സ്പിൽഓവർ പ്രോജക്ട് രൂപീകരിച്ച് അടുത്ത വർഷം നൽകുകയുമാണ് ചെയ്യേണ്ടിയിരുന്നത്.
ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ മേൽ പദ്ധതി നിർവഹണത്തിൽ നടത്താതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 22/18-11-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-20 ഹോമിയോ ആശുപത്രിലേയ്ക്ക് മരുന്നുവാങ്ങൽ

പദ്ധതി നം . 35/2022

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ

ഹോമിയോ ആശുപത്രിലേയ്ക്ക് മരുന്നുവാങ്ങൽ

350000ബിൽ നം. 11/21.10.2022

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നവാങ്ങൽ പദ്ധതിയ്ക്കായി 345000 രൂപ മേൽ നം. ബിൽ പ്രാകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസിയ്ക്ക് നല്കിയിട്ടുണ്ട്. നാളിതുവരെയായി 208334 രൂപയുടെ മരുന്നകൾ ലഭ്യമായിട്ടുണ്ട്. 173834 രൂപയുടെ മരുന്നകൾ കൂടി ലഭ്യമാവാനുണ്ട്. ഇതു സംബന്ധിച്ച് 19/18.11.2022 നം ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ലൈഫ് മിഷൻ ഭവനനിർമ്മാണം (എസ് സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ ചെത്രാപ്പിന്നി

2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന നിർമ്മാണത്തിനായി 12800000 രൂപ വകയിരുത്തുകയും 8533763 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി കരാർ വെച്ച ഗുണഭോക്താക്കളിൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും മേൽവിലാസവും | നല്കിയതുക/തിയ്യതി |
|---|---|---|
| 1 | ലിജി . ടി വി<br>W/o രാജീവ്<br>ആരിപ്പിന്നി വീട്<br>ചെത്രാപ്പിന്നി | 40000/14.3.22<br>160000/14.9.22 |
| 2 | രാജി ജയപ്രകാശ്<br>മന്ത്ര വീട് | 40000/14.3.22<br>160000/14.9.22 |
| 3 | സുജാത<br>W/o രാജൻ<br>തേവർപുരയ്ക്കൽ വീട്<br>ചെത്രാപ്പിന്നി | 40000/3.3.22 |
| 4 | സിന്ധു<br>W/o മനോഹരൻ<br>കളച്ചൻ വീട്<br>എടത്തിരുത്തി | 40000/26.12.2021<br>160000/16.3.22 |
| 5 | ഉഷ<br>W/o മനോജ്<br>അയ്യനാത്ത് വീട്<br>എടത്തിരുത്തി | 40000/27.10.21<br>60000/8.12.21<br>100000/16.3.22<br>100000/14.9.22 |
| 6. | അമ്മിണി<br>W/o അമ്പാടി<br>കളച്ചൻ വീട്<br>എടത്തിരുത്തി | 40000/3.3.22<br>160000/4.9.22<br>100000/29.9.22 |
| 7. | സുമ കുഞ്ഞയ്യപ്പൻ<br>കാട്ടികോലോത്ത് വീട് | 40000/22.12.21<br>160000/16.3.22<br>100000/14.9.22 |
| 8 | മിനി.സി.എ<br>ചാരിപ്പെട്ടി വീട് | 40000/22.12.21<br>60000/8.2.22<br>100000/16.3.22 |

| | | |
|---|---|---|
| | | 100000/29.9.22 |
| 9 | രേഖ മണിലാൽ<br>കിഴക്കേപ്പാട്ട്<br>പൈന്തർ | 40000/3.3.22<br>160000/14.9.22 |
| 10 | സുസ്മി ജിജിൽ<br>കടമ്പുറത്ത് വീട് | 40000/19.3.22<br>160000/14.9.22 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എന്ക്വയറിയക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ എടത്തിരുത്തി

2021-22 സാമ്പത്തിക വർഷത്തി ഭവനനിർമ്മാണത്തിനായി കരാർ വെച്ച ഗുണഭോക്താക്കളിൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും മേൽവിലാസവും | നല്കിയതുക/തിയ്യതി |
|---|---|---|
| 1 | സജീന<br>W/O സലിം<br>മതിലകത്ത് വീട്<br>ചളിനാട് | 40000/28.7.21<br>160000/7.12.21<br>100000/28.6.22 |
| 2 | സുധ പ്രസന്നൻ<br>വേളേക്കാട്ട് വീട്<br>ചെന്ത്രാപ്പിന്നി | 40000/21.12.21<br>11.2.22<br>28.6.22 |
| 3 | റംലത്ത്<br>പുതിയവീട്ടിൽ<br>ചെന്ത്രാപ്പിന്നി | 40000/16.3.22<br>160000/14.10.22 |
| 4 | സീത<br>W/O ധനപാലൻ<br>കുറ്റിപ്പറമ്പിൽ വീട്<br>ചെന്ത്രാപ്പിന്നി | 40000/16.3.22<br>100000/28.6.22<br>100000/28.9.22 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എന്ക്വയറിയക്ക് നം.20/18.11.22മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - തുടർ നടപടികളുടെ അഭാവം

ഗ്രാമ പഞ്ചായത്തിന്റെ 21.04.2021-ലെ കമ്മിറ്റിയുടെ 1- ാം നം. തീരുമാന പ്രകാരം പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ശുപാർശകൾ അംഗീകരിച്ച് ആറാം ധനകാര്യ കമ്മീഷന് നൽകിയിട്ടുണ്ട്. ധനകാര്യ കമ്മീഷന് കൈമാറിയതിൽ ഏതാനും ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

- സ്വകാര്യ കളിസ്ഥലങ്ങൾക്ക്(ടർഫ് മുതലായവ)ലൈസൻസ് നികുതി നിശ്ചയിച്ച് പഞ്ചായത്തിന്റെ നികുതി വർദ്ധിപ്പിക്കുക.
- പഞ്ചായത്ത് പരിധിയിൽ കൂടി കടന്നുപോകുന്ന സ്വകാര്യ വാർത്താ വിനിമയ കേബിളുകൾക്കും പഞ്ചായത്ത് റോഡിൽ പോസ്റ്റ് സ്ഥാപിച്ച് കേബിൾ വലിക്കുന്നതിനും ഫീസ്/നികുതി നിശ്ചയിക്കുക.
- പഞ്ചായത്തിനു കീഴിൽ ബീച്ച്/ഉൾനാടൻ ടൂറിസം സാധ്യതകൾ വിപുലീകരിച്ച വരുമാനം വർദ്ധിപ്പിക്കുക.

- എം സാന്റ്, ഹോളോബ്രിക്സ് എന്നിവ സംഭരിച്ച് വില്പന നടത്തുന്ന യാർഡുകൾക്ക് ലൈസൻസ് നികുതി നിശ്ചയിക്കുക.

ധനകാര്യ കമ്മീഷന് സമർപ്പിച്ച നിർദ്ദേശങ്ങളിൽ നടപടിയെടുത്ത വിഷയങ്ങൾ എത്രയാണെന്നും എടുത്ത നടപടികളുടെ വിവരങ്ങളും നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/09.11.22) ഉചിതമായ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള എന്തെങ്കിലും തീരുമാനങ്ങൾ 2021-22സാമ്പത്തിക വർഷത്തിൽ ഉണ്ടായതായി കാണുന്നില്ല. ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക വികസനവും സാമൂഹ്യ നീതിയും സമയബന്ധിതമായി കൈവരിക്കുന്നതിന് വിഭവങ്ങൾ ഒഴിച്ചു കൂടാൻ വയ്യാത്തതാണ്. ഇവ പരമാവധി സംഭരിച്ച് വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തേണ്ടത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അതിപ്രധാനമായ ചുമതലയാണ്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആറാം ധനകാര്യ കമ്മീഷന് സമർപ്പിച്ച ശുപാർശകളിന്മേൽ ഫലപ്രദമായ നടപടികൾ എടുക്കേണ്ടതാണ്.

## 1-24 കെൽട്രോണിന് മുൻകൂർ തുക നല്കി- നാളിതുവരെ ലാപ്പ്ടോപ്പ്,ഡെസ്ക്ടോപ്പ്,സ്കാനർ എന്നിവ ലഭ്യമായിട്ടില്ല

| ക്ര.ന | പ്രോജക്റ്റ് | വൌച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|---|---|
| 1 | 36/22 -ഗ്രാമപഞ്ചായത്തിലേക്കും ഘടകസ്ഥാപനങ്ങളിലേയ്ക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 22100378<br>22100377<br>22100376<br>22101457 | 15/6/21<br>15/6/21<br>15/6/21<br>26/3/22 | 64765<br>117060<br>278579<br>167556 |
| 2 | 229/22 -പഞ്ചായത്ത് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 32100284 | 17/3/22 | 96,949 |

മേൽ പ്രോജക്ടുകൾ പ്രകാരം വൌച്ചർ നമ്പർ 22101457 തീ 26/3/22 പ്രകാരം ലാപ്പ് ടോപ്പ്, ഡെസ്ക്ടോപ്പ് എന്നിവ 2 എണ്ണം വീതം സപ്ലൈ ചെയ്യുന്നതിനും വൌച്ചർ നമ്പർ 32100284 തീ 17/3/22 പ്രകാരം ഹൈസ്പീഡ് സ്കാനർ സപ്ലൈ ചെയ്യുന്നതിനും കെൽട്രോണിന് യഥാക്രമം 167556 രൂപയും 96949 രൂപയും നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ കെൽട്രോൺ ഇവ സപ്ലൈ ചെയ്തിട്ടില്ല. സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 12 തീ 15.11.22,മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-25 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പണി പൂർത്തീകരിച്ചില്ല

8 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് 2ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന, അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(sാ 041) എന്ന പദ്ധതിയിൽ *ആർദ്ര, D/O രശ്മി, പാറാശ്ശേരി ഹൗസ്, പി.ഒ.വലപ്പാട്, പൈനൂർ* എന്ന ഗുണഭോക്താവിന് 2021-22 സാമ്പത്തിക വർഷത്തിൽ 1,25,000രൂപ കൈമാറിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ചതായി കാണുന്നില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തുക | വൗച്ചർ നം./തീയ്യതി |
|---|---|
| 50,000 | 22101148/07.01.22 |
| 75,000 | 22101362/05.03.22 |

പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികളെടുക്കുകയോ നൽകിയ തുക തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-26 ബയോ ഫ്ളോക്ക് പദ്ധതി - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് പദ്ധതി തുക

കൈമാറി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 ആം വകുപ്പ് 2 ഉം 5 ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഒന്നാം വിഭാഗമായ പാർപ്പിട ആവശ്യത്തിനുള്ളവയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്ന പുതിയ ഉപവിഭാഗം 25.2 2015 ൽ എസ്.ആർ.ഒ. നമ്പർ 100/2015 കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതു പ്രകാരം ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് 30 ഉം ഏറ്റവും കൂടിയ നിരക്ക് 60 ഉം ആണ് നിശ്ചയിക്കേണ്ടത്.

2021 -22 ൽ ഗ്രാമപഞ്ചായത്തിലെ 8 ആം വാർഡിലെ നമ്പറാട്ടിച്ചിറ എന്ന സ്ഥലത്തു 34/3 എ നമ്പർ സർവ്വേ നമ്പറിൽ പണിഞ്ഞ 10 കെട്ടിടങ്ങൾക്ക് (ആകെ വിസ്തീർണ്ണം 157 ച. മീ.) നമ്പർ നൽകാനുള്ള അപേക്ഷ ലഭിച്ചപ്പോൾ ആദ്യം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നതിൽ ഉൾപ്പെടുത്തി (8/ 546 എ , 8/ 546 ബി , 8/ 546 സി, 8/ 546ഡി, 8/ 546ഇ, 8/ 546എഫ്, 8/ 546 ജി, 8/ 546എച്, 8/ 546 ഐ, 8/ 546 ജെ എന്നീ 10 കെട്ടിടങ്ങൾക്കും 15.7 ച.മീ. എന്ന വിസ്തീർണ്ണം വീതം ) 40/- നിരക്കിൽ കെട്ടിടനികുതി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കെട്ടിട ഉടമ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ച തരണമെന്ന അപേക്ഷ പഞ്ചായത്തിൽ നൽകിയതിന് മേൽ , 11.10.21 ലെ 33 നമ്പർ ഭരണസമിതി തീരുമാനം പ്രകാരം പുതിയ ഒരു സ്ലാബായി റെസിഡൻഷ്യൽ ഹോംസ്റ്റേ (ഏറ്റവും കുറഞ്ഞ നിരക്ക് 10 ഉം ഏറ്റവും കൂടിയ നിരക്ക് 25 ഉം ) സഞ്ചയസോഫ്റ്റ് വെയറിൽ ചേർക്കുകയുണ്ടായി. ഈ പുതിയ സ്ലാബിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 15 രൂപ നിരക്കിൽ നിശ്ചയിച്ചാണ് മുകളിൽ സൂചിപ്പിച്ച 10 കെട്ടിടങ്ങൾക്കും വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായി ഇത്തരത്തിൽ പുതിയ ഒരു വസ്തു നികുതി നിരക്ക് ഉൾപ്പെടുത്തുന്നതിന് ഉപാധിയായ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

## 1-27 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

പദ്ധതി നം 93/22

അടങ്കൽ 1250000

ചെലവ് 1250000 (ബിൽ നം. 1/2020-21 തിയ്യതി.

2021-22 സാമ്പത്തിക വർഷത്തിൽ വനിതകൾക്കായുള്ള പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 312500 രൂപ എസ് എൽ ബി യ്ക്ക് മേൽ നം ബിൽ പ്രകാരം നൽകിയിട്ടുണ്ട്. 50 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ നാൾവഴി രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഹേമലാൽ കൊല്ലാറ,എടത്തിരുത്തി എന്ന ഗുണഭോക്താവ് 18.3.22 ന ശേഷവും സിദ്ധിഖ് ചുങ്കശ്ശേരി,ചെന്ത്രാപ്പിന്നി എന്ന ഗുണഭോക്താവ് 21.422 ന ശേഷവും കാലിത്തീറ്റ വാങ്ങുന്നതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 18/18.11.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ തുടരാത്ത പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും , മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കിതുക സർക്കാരിലേയക്ക് അടവാക്കിതിന്റെ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-28 ലൈഫ് വായ്പ പദ്ധതി- ജനറൽ വിഭാഗത്തിന്റെ വായ്പയിലേക്ക് എസ് സി പി വിഹിതത്തിൽ നിന്നും റിക്കവറി

| പ്രോജക്റ്റ് | ചെലവ് വിവരങ്ങൾ | തുക |
|---|---|---|
| 233/22,219/22, -ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി)<br>സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രോജക്റ്റ്.വികസനഫണ്ട് എസ് സി പിയിൽ നിന്ന് കുറവ് ചെയ്തത് | 42100184 തീ 31/3/22<br>42100182 തീ 31/3/22 | 409200<br>242000<br>264000 |

| | | |
|---|---|---|
| | 42100181 തീ 31/3/22 | |

ലൈഫ് പദ്ധതിക്കായി SCP ഇനത്തിൽ ഹഡ്കോ വായ്പയിൽ നിന്നും വിഹിതം വെച്ചതായോ തുക ചെലവഴിച്ചതായോ കാണുന്നില്ല (2017-18 മുതൽ 2020-21 വരെ). എസ് സി പി പ്രോജക്ടിൽ വായ്പ വിഹിതം ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ വികസന ഫണ്ട് എസ് സി പി ഇനത്തിൽ നിന്ന് വായ്പയിലേക്ക് തിരിച്ചടവിനുള്ള കിഴിവ് നടത്തിയ തുക തിരികെ ലഭിക്കുന്നതിന് ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 12 തീ 15.11.2022,മറുപടി ലഭ്യമാക്കിയില്ല)

## 1-29 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ- തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്ത ചെലവുകൾ

| ക്ര.ന | പ്രോജക്റ്റ് | വൌച്ചർ നമ്പർ | തീയ്യതി | തുക | ശീർഷകം | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|---|
| 1 | 08/22- കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിൻജന്റ് ചാർജ്ജ് | 22100829 | 28/7/21 | 2,50,000 (മെഡിക്കൽ ഓഫീസർ -150000 ഹെഡ്മിസ്ട്രസ്സ്-25000 വെറ്റിറനറി സർജൻ 50000 കൃഷി ഓഫീസർ 25000) | 280800301-Prior Period - Operations And Maintenance Expenses പിന്നീട് 18/2/22 ൽ Maintenance Projects - Non Road Assets- Transferred Institutions – Others എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട് | കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ആകസ്മിക ചെലവുകൾക്കായി മുൻകൂർ നല്കിയ തുക "Advance To Implimenting Officers"എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.നേരിട്ട് ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു. മുൻകൂർ നല്കുമ്പോൾ "Advance To Implimenting Officers" എന്ന ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതും ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നമുറയ്ക്ക് മാത്രം ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതുമാണ്. (നിർവ്വഹണോദ്യഗസ്ഥർ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്) |
| 2. | 36/22 -ഗ്രാമപഞ്ചായത്തിലേക്കും ഘടകസ്ഥാപനങ്ങളിലേയ്ക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 22100378<br>22100377<br>22100376<br>22101457 | 15/6/21<br>15/6/21<br>15/6/21<br>26/3/22 | 64765<br>117060<br>278579<br>167556 | 412010101-Capital Work In Progress* 410710103-Movable Assets - Office Equipments & Other Equipments | കമ്പ്യൂട്ടർ, പ്രിന്റർ തുടങ്ങിയ ആസ്തികൾ വാങ്ങുന്നതിന് കെൽട്രോണിന് പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ നല്കിയ മുൻകൂർ തുക മുൻകൂർശീർഷകത്തിൽ ബുക്ക് ചെയ്തില്ല. മുൻകൂർ നല്കിയതായി രേഖപ്പെടുത്താതെ നേരിട്ട് തെറ്റായ ആസ്തി ശീർഷകങ്ങളിൽ ബുക്ക് ചെയതു.മുൻകൂർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നല്കുമ്പോൾ മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടതും ആസ്തി ലഭ്യമാകുന്ന മുറയ്ക്ക് മാത്രം "410710104-Movable Assets - Furniture, Fixtures, Fittings & Electrical Appliances" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. |
| 3. | 229/22 -പഞ്ചായത്ത് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 32100284 | 17/3/22 | 96,949 | 410710104-Movable Assets - Furniture, Fixtures, Fittings & Electrical Appliances | കെൽട്രോണിന് പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ നല്കിയ മുൻകൂർ തുക. സ്കാനർ നാളിതു വരെ ലഭിച്ചിട്ടില്ല. തുക മുൻകൂർ ആയി നല്കിയത് മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്യാതെ ആസ്തിയായി ബുക്ക് ചെയ്തു. |
| 4. | 134/22<br>ചാമക്കാല പിഎച്ച്സിയിൽ റീവയറിംഗ് 3ഫേസ് | 22101183<br>22101184 | 56000<br>118593 | 11/1/22<br>11/1/22 | 412010101-Capital Work In Progress | പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബില്ല് പ്രകാരം തുക നല്കിയെങ്കിലും Capital Work In Progress ൽ നിന്നും ആസ്തി ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. |

ക്രു.ന 2 മുതൽ 4 വരെയുള്ള ശീർഷകങ്ങൾ 2022-23 സാമ്പത്തികവർഷം അതാത് ശീർഷകങ്ങളിലേയ്ക്ക് മാറ്റി കൃത്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 12 തീ 15.11.2022)

*ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പ്രോജക്റ്റ് നമ്പർ 36/22 പ്രകാരമുള്ള

64765+117060+278579=460404രൂപ Capital Work In Progress എന്ന ശീർഷകത്തിൽ നിന്ന് "414220105 ..........Computers " എന്ന ശീർഷകത്തേലേക്ക് മാറ്റിയിട്ടുണ്ട്

## 1-30 ദുരിതാശ്വാസ നിധി-നിഷ്ക്രിയം

2003-ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

ചട്ടം 4(3)പ്രകാരം നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി പ്രസിഡന്റും, ഗ്രാമപഞ്ചായത്തംഗങ്ങൾക്കിടയിൽനിന്ന് തെരഞ്ഞെടുക്കുന്ന ഒരംഗവും സെക്രട്ടറിയുമടങ്ങുന്ന പഞ്ചായത്തിന്റെ ഒരു സബ്കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും പ്രസിഡന്റ് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറി കൺവീനറുമായിരി ക്കുന്നതുമാണ്.

2021-22സാമ്പത്തിക വർഷത്തെ കണക്കുകളിൽ നിന്നും ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു;

| | |
|---|---|
| മുന്നിരിപ്പ് | 4323 |
| പലിശയിനത്തിൽ വരവ് | 370 |

| | |
|---|---|
| നീക്കിയിരിപ്പ് | 4693 |

നിധിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിൽ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24/21.11.22) മറുപടി ലഭ്യമാക്കിയില്ല.

1.ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന തരത്തിൽ സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ?

2.2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം.

3.ചട്ടം 3(5) നിഷ്കർഷിക്കുന്ന തരത്തിൽ അച്ചടിച്ച ഫാറത്തിലുള്ള രശീതി തയ്യാറാക്കിയിട്ടുണ്ടോ ?

2021-22സാമ്പത്തിക വർഷത്തിൽ ദുരിതാശ്വാസ നിധിയിലേക്ക് വരവോ അതിൽ നിന്നും ചെലവോ ഉണ്ടായിട്ടില്ലെന്ന് വാർഷിക കണക്കുകൾ തെളിയിക്കുന്നുണ്ട്.

നിയമത്തിലെ ലക്ഷ്യങ്ങൾക്കനുസൃതമായി പഞ്ചായത്തിലെ നിർദ്ധനരായ വ്യക്തികൾക്ക് ഗുണകരമാകുന്ന തരത്തിൽ, നിഷ്ക്രിയമായ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

## 1-31 മരാമത്ത് ചട്ടങ്ങളിലെയുംPWD മാന്വലിലെയും നിയമ വ്യവസ്ഥകളുടെ ലംഘനം- സംബന്ധിച്ച്

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം18 പ്രകാരം ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികളിൽ ഒഴികെ ഒരു പൊതുമരാമത്ത് പണിയെ സംബന്ധിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കൽ, ടെണ്ടർ ക്ഷണിക്കൽ, പണിയുടെ നടത്തിപ്പ്, പണം നൽകൽ, അക്കൗണ്ട്സ് തയ്യാറാക്കൽ എന്നിവക്ക് സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണെന്ന് അനുശാസിക്കുന്നുണ്ട്. കൂടാതെ 17.10.2012-ലെ ജി.ഒ.(എം.എസ്.)നം.270/12/തസ്വഭവ പ്രകാരം പുതുക്കിയ PWD Manual തദ്ദേശഭരണ വകുപ്പിന്റെ എഞ്ചിനിയറിങ്ങ് വിഭാഗത്തിലും നടപ്പാക്കിയിട്ടുമുണ്ട്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെയും PWD Manual-ശ്രും ചില വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

- ടെണ്ടറുകൾ തുറന്ന തീയ്യതി മുതൽ 10 ദിവസത്തിനകം ഭരണാനുമതി നൽകിയ അധികാരസ്ഥാനം അവയിൽ തീരുമാനമെടുക്കേണ്ടതാണ്. {ചട്ടം10(11)}
- ടെണ്ടർ സ്വീകരിച്ച് കഴിഞ്ഞാൽ 7 ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് അയക്കണം. പ്രസ്തുത ടെണ്ടർ നോട്ടീസിൽ, ടെണ്ടർ സ്വീകരിച്ച് 14 ദിവസത്തിനുള്ളിൽ കരാർ ഒപ്പുവെക്കേണ്ടതാണെന്നും അല്ലാത്തപക്ഷം വിജ്ഞാപനം ചെയ്ത 14 ദിവസത്തിന് ശേഷം 10 ദിവസത്തിനുള്ളിൽ കരാർ നടപ്പിലാക്കിയില്ലെങ്കിൽ കരാർ തുകയുടെ 1% നിരക്കിൽ കുറഞ്ഞത് 1000രൂപ കൂടിയത് 25000 രൂപ എന്ന പരിധിക്ക് വിധേയമായി ഈടാക്കേണ്ടതുമാണ്. (ഖ.2009.6 Kerala PWD Manual)
- കരാർ ഒപ്പു വെച്ചതിനു ശേഷം 10 ദിവസത്തിനുള്ളിൽ കരാറുകാരൻ സ്ഥലം ഏറ്റെടുക്കണം.(ഖ.2102.1 Kerala PWD Manual)

എന്നാൽ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും നിയമം നിഷ്കർഷിക്കുന്ന വ്യവസ്ഥകളൊന്നും നിർവ്വഹണത്തിൽ പാലിക്കുന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.ടെണ്ടർ സ്വീകരിച്ച കഴിഞ്ഞാൽ 7 ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് അയക്കണമെന്ന വ്യവസ്ഥ പാലിച്ചിരുന്നോ എന്ന പരിശോധന സാധ്യമാവാത്ത രീതിയിൽ സെലക്ഷൻ നോട്ടീസിൽ തീയ്യതി രേഖപ്പെടുത്താത്ത സാഹചര്യമുണ്ട്.
ഉദാ:i)S.N.വിദ്യാഭവൻ റോഡ് റീ-ടാറിങ്ങ് - So 188/22

Ii)മണ്ഡാലക്കൽ-ചാമക്കാല റോഡ് മെയിന്റനൻസ്, So 080/22

2.വിവിധ പ്രവൃത്തികളുടെ കരാറുകളിൽ ക്രമ നം. 6ആയി, കരാറുടമ്പടിയുടെ ഭാഗമായി വെച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും കരാറിനോടുകൂടി പ്രവർത്തന കലണ്ടർ ചേർത്തതായി കാണുന്നില്ല.

3.രാജീവ് റോഡ് മെയിന്റനൻസ് (So 061/22)എന്ന പ്രവൃത്തിക്കായി ക്ഷണിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സന്തോഷ് M.D., മൂത്തേരി വീട്, കൈപ്പമംഗലം എന്ന വ്യക്തിയുടെ ടെണ്ടർ 10.12.2021-ലെ 1/1(2) നം. തീരുമാനപ്രകാരം അംഗീകരിക്കുകയും സെലക്ഷൻ നോട്ടീസ് അയക്കുകയും ചെയ്തിട്ടുണ്ട്. സെലക്ഷൻ നോട്ടീസിൽ തീയ്യതി ചേർത്തിട്ടില്ലെന്ന് മാത്രമല്ല, പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതിയായി നൽകിയിട്ടുള്ളത് 8മാസം മുൻപുള്ള 31.03.2021 എന്ന തീയ്യതിയാണ്. ശ്രീ.സന്തോഷ് കരാർ ഒപ്പുവെച്ചിട്ടുള്ളത് 16.02.2022-നാണ്. എന്നാൽ ഖ.2009.6 Kerala PWD Manual പ്രകാരമുള്ള പിഴ ഈടാക്കിയതായും കാണുന്നില്ല.

മേൽ വിഷയങ്ങളിലുള്ള മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 25/23.11.22)മറുപടി ലഭ്യമാക്കിയില്ല.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട്, വകുപ്പിൽ നിലവിലുള്ള നിയമനിഷ്കർഷകൾ പാലിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 മരാമത്ത് പ്രവൃത്തികൾ-ടെണ്ടർ നോട്ടീസിന് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന ഇടവേള നൽകുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 9(3)(എ)-ൽ, മതിപ്പ് ചെലവ് 1ലക്ഷം രൂപക്കും 10ലക്ഷം രൂപക്കും ഇടക്ക് വരുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ, കുറഞ്ഞത് 10 ദിവസത്തെ സമയം നൽകി പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഒരു പത്രത്തിൽ നിർബന്ധമായും ആവശ്യമെങ്കിൽ മറ്റ് പത്രങ്ങളിലും പരസ്യപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. യോഗ്യരായ കരാറുകാരിൽ ടെണ്ടർ പരസ്യം എത്തുകയും തൽഫലമായി കരാറുകാർ തമ്മിൽ ആരോഗ്യകരമായ മത്സരമുണ്ടാവുകയും പഞ്ചായത്ത് ഫണ്ടിന് സാമ്പത്തിക ലാഭമുണ്ടാവുകയും ചെയ്യുന്നതിനാണ് ഇത്തരത്തിൽ വ്യവസ്ഥ ചെയ്തതെന്നിരിക്കെ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ പരസ്യം ചെയ്തതിൽ ചട്ടത്തിലെ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു;

| ടെണ്ടർ നോട്ടീസ് നം. | ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന ദിവസം | ടെണ്ടർ പരസ്യം ദിനപത്രത്തിൽ വന്ന തീയ്യതി | ടെണ്ടർ പരസ്യം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച തീയ്യതിയും ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയ്യതിയും തമ്മിലുള്ള ഇടവേള | ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|
| 1/2021/22 Dt.19.11.21 | 26.11.21 | 20.11.21 | 6 | ടെണ്ടർ - 31<br>റീ-ടെണ്ടർ - 3 | 2 ടെണ്ടറുകൾ വീതം ലഭിച്ചതിൽ കൂടുതലെണ്ണവും Tender Above ആണ്. |
| 1/2021/22 Dt.25.09.21 | 04.10.21 | 26.09.21 | 9 | ടെണ്ടർ - 15<br>ക്വട്ടേഷൻ -1<br>റീ-ക്വട്ടേഷൻ - 5 | ടെണ്ടർ ക്ഷണിച്ച 15പ്രവൃത്തികൾക്ക് ഒന്നിനു പോലും ടെണ്ടർ ലഭിച്ചില്ല. |
| 06/2021-22 Dt.12.01.2022 | 19.01.22 | 14.01.22 | 6 | ടെണ്ടർ - 5 | 2 ടെണ്ടറുകൾ വീതം ലഭിച്ചതിൽ ഒരെണ്ണം വീതം 10% Tender Above ആണ്. |

മേൽ വിവരങ്ങളിൽ നിന്നും ടെണ്ടറുകളിൽ, കരാറുകാർ തമ്മിൽ മത്സരം ഉണ്ടായിട്ടില്ലെന്ന് കാണാം. ഭൂരിഭാഗം പ്രവൃത്തികൾക്കും ലഭിച്ച ടെണ്ടറുകളുടെ എണ്ണം 2 മാത്രമാണ്. അതിൽ തന്നെ ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കിന് മുകളിലുമാണ്. ചട്ടത്തിൽ നിഷ്കർഷിക്കുന്ന തരത്തിൽ നിശ്ചിത ഇടവേള നൽകാത്തതിന് കാരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/23.11.220) മറുപടി നൽകിയിട്ടില്ല. ടെണ്ടർ പരസ്യവും ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയ്യതിയും തമ്മിലുള്ള ഇടവേള കുറയുന്നത് ടെണ്ടറുകളുടെ എണ്ണത്തെ സ്വാധീനിക്കാവുന്ന ഘടകങ്ങളിൽ ഒന്നാവാൻ സാധ്യതയുള്ളതിനാൽ ചട്ടത്തിൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-2022 | 144972 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് ധനസഹായം | 144972 | 0 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | | 200000 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി (ജനറൽ) | 200000 | 0 |
| | | 1135000 | ലൈഫ് പദ്ധതി(ജനറൽ) | 1135000 | 0 |
| | | 1000000 | ലൈഫ് മിഷൻ ഭൂരഹിതര്ക്ക് ഭൂമി വാങ്ങൽ( ജനറൽ) | 1000000 | 0 |
| | | 200000 | അഗതിരഹിത കേരളം | 200000 | 0 |
| | | 400000 | സാന്ത്വന പരിചരണ പദ്ധതി | 400000 | 0 |
| | | 2156333 | ലൈഫ് മിഷൻ ഭവനനിർമ്മാണം എസ് സി | 2156333 | 0 |
| | | 400000 | ജവഹർ റോഡ് മെയിന്റനൻസ് | | 0 |
| | | 398737 | S N വിദ്യാഭവൻ ഓൾഡ്പോസ്റ്റോഫീസ് ലിങ്ക് റോഡ് മെയ്ന്റെനൻസ് ബാക്കി ഭാഗം | 398737 | 0 |
| | | 400000 | അംഗൻവാടി കെട്ടിട നിർമ്മാണം | 400000 | 0 |
| | | 553920 | ജല രക്ഷ - ജീവരക്ഷ (ജലാശയങ്ങളിലെ ചെളി നീക്കം ചെയ്യൽ) | 553920 | 0 |
| ജില്ലാ പഞ്ചായത്ത് | | 0 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് ധനസഹായം | 0 | 0 |
| | | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 500000 | 0 |
| | | 400000 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി (ജനറൽ) | 400000 | 0 |
| | | 1120000 | ലൈഫ് പദ്ധതി(ജനറൽ) | 1120000 | 0 |

| | | | | |
|---|---|---|---|---|
| | 124698 | നെൽക്കൃഷിപ്രോത്സാഹനം | 124698 | 0 |
| | 70000 | അഗതിരഹിത കേരളം | 70000 | 0 |
| | 300000 | സാന്ത്വന പരിചരണ പദ്ധതി | 300000 | 0 |
| | 1817430 | ലൈഫ് മിഷൻ ഭവനനിർമ്മാണം എസ് സി | 1817430 | 0 |
| | 500000 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകളുംഉപകരണങ്ങളും വാങ്ങൽ(കോവിഡ് പ്രതിരോധപ്രവർത്തനം) | 500000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | | 400000 | 400000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO LOAN (LIFE) | | 300000 | 6505617 | 2376000 | | 4429617 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2009-10 | 2.8 | 2002-03 | 3.5 | വൈദ്യുത ലൈൻ വലിക്കൽ നടപ്പിലാക്കിയട് സംബന്ധിച്ച് രേഖകളുടെ അടിസ്ഥാനത്തിൽ തുക തടസ്സപ്പെടുത്തുന്നു | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി രേഖകള് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 2009-10 | 2.8 | 2003-04 | 3.2 | തെരുവ് വിളക്ക് ലൈൻ വലിച്ച് വെളച്ചം എത്തിക്കൽ പദ്ധതി നടപ്പിലാക്കിയതായി കാണുന്നില്ല. | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി രേഖകള് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 | 2.8 | 2003-04 | 2-10(9) | കൃഷി ഓഫീസർ ചെലവ് കണക്കുകള് ഹാജരാക്കിയിട്ടില്ല | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി രേഖകള് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 105673014 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100703619 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| | | ഇല്ല | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/ CASE/ CH/ SCH) |
|---|---|---|---|---|---|
| 1 | 1997-98 (ചെലവ്) | LFT19-876/99 Dt. 16.7.99/09.08.99 | 1 | 10 | SCH |
| 2 | 1998-99 | LFT-19/1517/2000 തീ. 23.12.2000/9.2.01 | 1 | 69 | CAR |
| 3 | 1999-2000 (ചെലവ്) | LFT-19/903/01 Dt. 28.11.01/01.07.02 | 2 | 36 | SCH |
| | | | | 44 | |
| 4 | 2000-01 | LFT-12 1053/04 Dt. 2.12.04/3.3.05 | 7 | 2-9 | SCH |
| | | | | 2-10 | |
| | | | | 2-15 | |
| | | | | 2-16 | |
| | | | | 2-17 | |
| | | | | 2-18 | CAR |
| | | | | 2-20 | |
| 5 | 2000-01, 2001-02 (ജനകീയാസൂത്രണം) | LFT-12/1746/03 Dt. 04.03.04/16.06.04 | 2 | 7 | സർചാർജ് - നോട്ടീസ് |
| | | | | 8 | |
| 6 | 2001-02 (വരവ് - ചെലവ്) | LFT-12/1795/07 Dt. 13.11.08 | 3 | 2-1 | |
| | | | | 3-2 | |
| | | | | 3-3 | |
| 7 | 2002-03 | LFT-12/777/08 Dt. 28.07.09/29.09.09 | 1 | 3-5 | CAR |
| 8 | 2003-04 | LFT-12/778/08 Dt. 28.07.09 | 5 | 3-2 | CAR |
| | | | | 3-6 | |
| | | | | 3-7 | |
| | | | | 3-10 | CAR |
| | | | | 3-12 | |
| 9 | 2004-05 | LFT-12/259/09 തീ.4.5.10/17.7.10 | 5 | 3-2 | |
| | | | | 3-3 | |
| | | | | 3-5 | |

| | | | | | |
|---|---|---|---|---|---|
| | | | | 3-6 | |
| | | | | 3-7 | |
| 10 | 2006-07 | LFT-12/1762/09 തീ. 24.09.10 | 6 | 3-1 | |
| | | | | 3-3 | |
| | | | | 3-5 | |
| | | | | 3-8 | |
| | | | | 3-9 | |
| | | | | 3-12 | |
| 11 | 2007-08 | LF-T-P12/853/11 Dt. 29.11.11 | 13 | 3-5 II | |
| | | | | 3-6 | |
| | | | | 3-7 | |
| | | | | 3-9 | |
| | | | | 3-11 | |
| | | | | 3-13 | |
| | | | | 3-14 | |
| | | | | 3-15 | |
| | | | | 3-22 | |
| | | | | 3-24 | |
| | | | | 3-25 | |
| | | | | 3-28 | |
| | | | | 3-29 | |
| 12 | 2008-09, 2009-10, 2010-11 | LFTP3-1346/12 Dt. 12.03.13 | 13 | 2-2(1)(2)(3) | |
| | | | | 2-3(2)(3) | |
| | | | | 3-1 | |
| | | | | 3-10 | |
| | | | | 3-15 | |
| | | | | 3-16 | |
| | | | | 3-19 | |
| | | | | 3-23 | |
| | | | | 3-24 | |
| | | | | 3-25 | |
| | | | | 3-33 | |
| | | | | 3-35 | CAR |
| | | | | 3-37 | |
| 13 | 2011-12 | LF-T(P3)1101/13 Dt. 17.01.14 | 7 | 3-5 | |
| | | | | 3-15 | |
| | | | | 3-18 | |
| | | | | 3-19 | CAR |
| | | | | 3-20 | |
| | | | | 3-21 | |

| | | | | | |
|---|---|---|---|---|---|
| | | | | 3-22 | |
| 14 | 2012-13 | LF-T(P3)588/14 Dt. 09.02.14 | 3 | 3-7(A)(B)(C) | |
| 15 | 2013-14 | KSATSR(P3)218/16 Dt. 15.02.16 | 7 | 3-1 | |
| | | | | 3-3 | |
| | | | | 3-6 | |
| | | | | 3-7 | |
| | | | | 3-11 | |
| | | | | 3-18 | |
| | | | | 3-22 | |
| 16 | 2014-15 | KSA-TSR(P3)1274/16 Dt. 28.07.16 | 3 | 2-1(3), 3-5, 3-10 | |
| 17 | 2015-16 | KSA-TSR(P3)2180/16 Dt. 28.01.17 | 6 | 2-1 | CAR |
| | | | | 2-2 | |
| | | | | 3-5 | |
| | | | | 3-6 | |
| | | | | 3-7 | |
| | | | | 3-8 | |
| 18 | 2016-17 | KSA-TSR(P3)-1689/17 Dt. 24.11.17/5.12.17 | 10 | 2-1 | |
| | | | | 2-3 | |
| | | | | 2-4(2) | |
| | | | | 3-2 | |
| | | | | 3-4 | |
| | | | | 3-5 | |
| | | | | 3-6 | |
| | | | | 3-10 | |
| | | | | 3-14 | |
| | | | | 3-16 | |
| 19 | 2017-18 | KSA-TSR(P3)63/18 Dt. 07.02.19 | 8 | 2-1 | |
| | | | | 2-2(1)(2) | |
| | | | | 2-6(1) | |
| | | | | 3-10(1)(2) | |
| | | | | 3-11 | |
| | | | | 3-14 | |
| | | | | 3-15 | |
| | | | | 3-16 | |

| | | | | | |
|---|---|---|---|---|---|
| 20 | 2018-19 | KSA-TSR(P3)368/20 Dt. 21.05.20 | | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 4-1, 4-2, 4-3, 4-4, 4-5, 4-6, 4-7, 4-8, 4-9, 4-10 | |
| 21 | 2019-20 | KSA-TSR(P4)1221/21 Dt. 24.03.22 | | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 4-1, 4-2, 4-3, 4-4, 4-5, 4-6, 4-7, 4-8, 4-9, 4-10 | |
| 22 | 2020-21 | KSA-TSR(P4)1222/21 Dt. 24.03.22 | | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55, 1-56, 1-57, 1-58, 1-59, 1-60, 1-61, 1-62, 3-1, 3-2, 4-1, 4-2, 4-3, 4-4, 4-5, 4-6, 4-7, 4-8, 4-9, 4-10 | |
| | ആകെ | | | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്